# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1053

05.03.2018-ന് മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ മേഖലയിലെ നിലവാരം ഉയർത്തുന്നതിനു നടപടി

**ചോദ്യം**

ശ്രീ.പി.കെ. ശശി

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ (ഹയർസെക്കന്ററി വിഭാഗം ഉൾപ്പെടെ) സർക്കാർ മേഖല സംരക്ഷിക്കുക, അക്കാദമിക് നിലവാരം ഉയർത്തുന്നതിനുള്ള ആവശ്യകത എന്നിവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ആയതിനായി സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ (ഹയർസെക്കന്ററി വിഭാഗം ഉൾപ്പെടെ) സർക്കാർ മേഖല സംരക്ഷിക്കുക, അക്കാദമിക് നിലവാരം ഉയർത്തുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. പദ്ധതിയുടെ ഭാഗമായി സ്വീകരിച്ച പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു.

- കിഫ്ബിയുടെ അഞ്ചുകോടി/ മൂന്നുകോടി രൂപ ധനസഹായത്തോടെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയും ഭൗതിക സാഹചര്യ വികസനത്തിന് ഊന്നൽ നൽകുന്ന പദ്ധതിയും.
- അക്കാദമിക നിലവാരം ഉയർത്തുന്നതിനായി എല്ലാ സ്കൂളുകളും സ്കൂളിന്റെ തനതായ ജനകീയ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അവതരിപ്പിച്ചിട്ടുണ്ട്.
- ഹരിത പ്രോട്ടോക്കോൾ പ്രകാരം കൃഷിയെ ഒരു സംസ്കൃതിയാക്കി മാറ്റാൻ സഹായകമാവുന്ന പ്രവർത്തനങ്ങൾ.

- സമൂഹത്തെ സ്കൂളുകളുമായി ബന്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേകം പദ്ധതികൾ
- ജൈവ വൈവിദ്ധ്യ പാർക്കുകൾ
- സ്കൂളുകൾക്ക് ആവശ്യമായ പഠന വിഭവ പിന്തുണ നൽകുന്ന 'സമഗ്ര' വെബ് പോർട്ടൽ.
- ആധുനിക സാങ്കേതിക വിദ്യയുടെ വിവിധ തലങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അദ്ധ്യാപകർക്ക് കാലാനുസൃതമായ പരിശീലന പരിപാടികൾ നൽകുക.

| | |
|---|---|
| (ബി) സർക്കാർ സ്കൂളുകളിൽ മറ്റു പരിശീലനമൊന്നും ലഭിയ്ക്കാതെ ബുദ്ധിമുട്ടുന്ന വിദ്യാർത്ഥി /വിദ്യാർത്ഥിനികളെ കണ്ടെത്തി അവർക്കാവശ്യമായ വിഷയങ്ങളും ഭാഷകളും അവർക്ക് സ്വായത്തമാക്കാനായി വിദ്യാഭ്യാസ വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) എല്ലാ വിദ്യാർത്ഥികൾക്കും ഗുണനിലവാരമുള്ള പഠനാനുഭവങ്ങൾ നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പഠന പിന്നോക്കാവസ്ഥ കണ്ടെത്തി ആയത് പരിഹരിക്കുന്നതിന് 'ശ്രദ്ധ', 'നവപ്രഭ' തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഹയർ സെക്കന്ററി തലത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുന്നതിനായി പ്രത്യേകം പഠന സാമഗ്രികൾ തയ്യാറാക്കി അതിന്റെ സഹായത്താൽ പ്രത്യേകം പരിശീലനം നൽകിവരുന്നു. |
| (സി) പ്രസ്തുത പ്രവർത്തനങ്ങളിൽ സർക്കാർ ശമ്പളം പറ്റുന്ന സംസ്ഥാന അധ്യാപകരുടേയും വിദ്യാഭ്യാസ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥരുടെയും പങ്ക് എന്തെന്ന് വ്യക്തമാക്കുമോ? | (സി) പ്രസ്തുത പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന് ഉതകുന്ന തരത്തിൽ അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള വിവിധ പരിശീലന പരിപാടികൾ സമയബന്ധിതമായി എല്ലാ അധ്യാപകർക്കും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ